# കേരളസർവകലാശാല

നം.പി.ആർ.69/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി ബി.എച്ച്എം/ബി.എച്ച്.എം.സി.റ്റി. 2018 സ്കീം (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ) 2014 സ്കീം (സപ്ലിമെന്ററി – 2015 മുതൽ 2017 അഡ്മിഷൻ), മെയ് 2023 ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴ കൂടാതെ 2023 ഏപ്രിൽ 10 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 13 വരെയും 400 രൂപ പിഴയോടുകൂടി ഏപ്രിൽ 17 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്ച്.ഡി. നൽകി

റൊണാൾഡ് റോസ് എസ്.എൽ. (എഡ്യൂക്കേഷൻ), കവിത ഗോപൻ ബി. (കൊമേഴ്സ്), സോമായേ കെയ്ഗോബാഡി ലെമ്ജിഗ്രി (ആർക്കിയോളജി), ഉണ്ണിക്കൃഷ്ണൻ യു. (ജ്യോഗ്രഫി), വീണ എസ്. കുമാർ (ഫിസിക്സ്), സലീന വൈ (കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ്), ഡാനിഷ എസ്.എസ്. (ബയോടെക്നോളജി), ശ്രീകാന്ത് എസ്. (ബയോകെമിസ്ട്രി), വിജയലക്ഷ്മി പി.ജെ. (ഇക്കണോമിക്സ്), ബിജി എം.എസ്. (മലയാളം), പ്രഭാകരൻ കെ. (തമിഴ്), ബെൻ റോയി എ.എസ്. (മലയാളം), നിഷ തോമസ് പണിക്കവീട്ടിൽ (സുവോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവകുപ്പ് യൂണിറ്റ് ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 6 മാസം, യോഗ്യത:പ്ലസ്ടു, അപേക്ഷാഫീസ്:110 രൂപ. കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ഏപ്രിൽ 12. വിശദവിവരങ്ങൾക്ക്: 8129418236, 9495476495.

കേരളസർവകലാശാല സെന്റർ ഫോർ അഡൽട്ട് ആന്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ യൂണിറ്റിന്റെ കീഴിൽ തിരുവനന്തപുരം കല്ലറ പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തി വരുന്ന പി.എസ്.സി. അംഗീകൃത സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 6 മാസം, യോഗ്യത:പ്ലസ്ടു, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ഏപ്രിൽ 15. വിശദവിവരങ്ങൾക്ക്: 8907451414

തിരുവനന്തപുരം,
31.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**